പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1153 30.09.2016-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി. യിൽ ജീവനക്കാരുടെ പരാതികൾക്ക് കൈപ്പറ്റ് രസീത്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ഭവനിൽ ജീവനക്കാരിൽ നിന്നും ലഭിക്കുന്ന പരാതികളും അപേക്ഷകളും കമ്പ്യൂട്ടറിലോ, രജിസ്റ്ററിലോ ചേർത്ത് നമ്പരിട്ട് കൈപ്പറ്റ് രസീത് നല്കാറുണ്ടോ; | (എ) | ട്രാൻസ്പോർട്ട് ഭവനിൽ ജീവനക്കാരിൽ നിന്നും ലഭിക്കുന്ന പരാതികളും അപേക്ഷകളും രജിസ്റ്ററിൽ ചേർത്ത് നമ്പരിട്ട് ബന്ധപ്പെട്ട സെക്ഷനുകളിൽ നൽകുന്നു. കൈപ്പറ്റ് രസീത് ആവശ്യപ്പെട്ടാൽ ടി രസീത് നൽകാറുണ്ട്. തപാൽ വിഭാഗം കമ്പ്യൂട്ടർവത്ക്കരിക്കുന്ന നടപടി ത്വരിതഗതിയിലാണ്. |
| (ബി) | എങ്കിൽ 2016-ൽ അത്തരത്തിൽ ലഭിച്ച എത്ര അപേക്ഷകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദവിവരം നല്കാമോ; | (ബി) | 2016-ൽ ഇത്തരത്തിൽ 2344 അപേക്ഷകൾ നമ്പർ ഇട്ട് നൽകിയിട്ടുണ്ട്. ടി കണക്ക് കെ.എസ്.ആർ.ടി.സി.യുടെ തപാൽ വിഭാഗത്തിൽ ലഭ്യമായ അപേക്ഷകളുടെ / പരാതികളുടെ കണക്കാണ്. കൂടാതെ ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്കും ജനറൽ മാനേജർക്കും എക്സിക്യൂട്ടീവ് ഡയറക്ടർക്കും നേരിട്ട് ലഭിക്കുന്ന പരാതികളും / അപേക്ഷകളും രജിസ്റ്ററിൽ ചേർത്താണ് വിവിധ വിഭാഗങ്ങളിൽ നൽകുന്നത്. |
| (സി) | അത്തരത്തിൽ രജിസ്റ്റർ ചെയ്യുന്ന രീതി നിലവിലില്ലെങ്കിൽ ഓഫീസ് മാന്വൽ വ്യവസ്ഥകളും ഗവൺമെന്റ് കാലാകാലങ്ങളിൽ (30.03.1985-ലെ 3461/A2/85 ഉ. ഭ. പ. വ, 12.01.2009-ലെ 168/AR 13(2)/9/ ഉ.ഭ.പ.വ., 16.07.2015-ലെ | (സി) | (എ), (ബി) പിരിവുകളുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

| | | | |
|---|---|---|---|
| | 1433/AR13(2) 2015 ഉ.ഭ.പ.വ.) പുറപ്പെടുവിക്കുന്ന സർക്കുലറുകളിലെ നിർദ്ദേശങ്ങളും കെ.എസ്.ആർ.ടി.സി. യിൽ പാലിക്കപ്പെടാതിരിക്കാനുള്ള കാരണം വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ